# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5446** **01.07.2014- ൽ മറുപടിക്ക്**

## "ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി"

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. പി.എ. മാധവൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

**ഉത്തരം**

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കിൻഫ്രായുടെ നേതൃത്വത്തിൽ ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മേഖലയുടെ മൂല്യ വർദ്ധന ലക്ഷ്യമാക്കിയും അനുബന്ധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് ഉതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അതുവഴി കൂടുതൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75%-വും സംസ്ഥാന വിഹിതം 25%-വുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing നായി 2012-13-ൽ 3.54 കോടി രൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടി രൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്ര വിഹിതമായി 4.14 കോടി രൂപ കേരളത്തിന് ലഭിച്ചു.<br><br>കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമായതെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | 1. ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/അവയുടെ ആധുനികവത്ക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ.<br><br>2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ.<br><br>3.അറവുശാലകളുടെ ആധുനികവത്ക്കരണം. പരമാവധി ഗ്രാന്റ് - 15 കോടി രൂപ.<br><br>4. മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി.<br><br>– ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ ബിരുദം/ ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 100 ലക്ഷം രൂപ.<br><br>5. വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship Development Programme)<br><br>– സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ.<br><br>6. ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം.<br><br>– സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 15 ലക്ഷം രൂപ.<br><br>7. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി<br><br>– സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 4 ലക്ഷം രൂപ.<br><br>8. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ / കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ. പരമാവധി 2.5 കോടി രൂപ.<br><br>9. Reefer വാനുകൾ.<br><br>– പരമാവധി - 50 ലക്ഷം രൂപ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വിവിധ സംരംഭകർക്ക് 3.44 കോടി രൂപ നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 2.66 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ